# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 63 28.01.2019 -ൽ മറുപടിക്ക്

## പ്രളയത്തിൽ നശിച്ച കച്ചവടസ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ സഹായം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. യു ആർ.പ്രദീപ് | | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| എ) | 2018-ലെ മഹാപ്രളയത്തെ തുടർന്ന് പ്രളയബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളിലെ ചെറുകിട-ഇടത്തരം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ നശിച്ചത് പുനർസൃഷ്ടിക്കുന്നതിന് സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | എ), ബി), സി) & ഡി) | ഉണ്ട്. 17/12/2018 ലെ സ.ഉ (കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതി പ്രകാരം Term loan -വായ്പയുടെ 25 % പരമാവധി 2 ലക്ഷം രൂപയും Working Capital Loan - വായ്പയുടെ 25 % ,പരമാവധി 1 ലക്ഷം രൂപയും മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. കൂടാതെ Working Capital Loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. ഈ സർക്കാർ ഉത്തരവിന് മുൻപായി 2018 -ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകല്യത്തിന് അർഹത ഉണ്ടായിരിക്കും.<br>കേന്ദ്ര ദുരന്ത നിവാരണ പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം കച്ചവടക്കാർക്ക് ദുരിതാശ്വാസം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗപ്പെടുത്തിയാണ് മേൽ പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) | കേന്ദ്ര ദുരന്തനിവാരണ നിധി മാനദണ്ഡപ്രകാരം കച്ചവടക്കാർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനു കഴിയുമോ; | | |
| സി) | ഇതിനായി സംസ്ഥാനം സ്വന്തമായി തുക കണ്ടെത്തേണ്ട അവസ്ഥയുണ്ടോ; | | |
| ഡി) | പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന കച്ചവടക്കാർക്ക് കച്ചവടം പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ